**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

<u>പ്രസിദ്ധീകരണത്തിന്</u> 07.10.2017

## ശുചിത്വ മാലിന്യ സംസ്കരണ മാതൃകാ പദ്ധതി വിശകലനം : ശില്പശാലയ്ക്ക് നാളെ ( 09.10.2017 ) തുടക്കം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ശുചിത്വ മാലിന്യ സംസ്കരണ മാതൃകാ പദ്ധതികളുടെ വിശകലനത്തിനായി ഹരിതകേരളം മിഷൻ, കില, ശുചിത്വമിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപശാലയ്ക്ക് 09.10.2017 തിങ്കളാഴ്ച തുടക്കമാവും. സംസ്ഥാനത്ത് സമഗ്ര – ശുചിത്വ മാലിന്യ സംസ്കരണം ലക്ഷ്യമിട്ടുള്ള ' മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ' പരിപാടിയുടെ ഭാഗമായാണ് ശിൽപശാല സംഘടിപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ, മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി ഉടൻ ആരംഭിക്കുന്ന പദ്ധതികൾ എന്നിവയുടെ സവിശേഷതകൾ, സാങ്കേതിക വശങ്ങൾ, നിർവ്വഹണ രീതികൾ എന്നിവ പങ്കു വയ്ക്കുന്നതിനും മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് മാതൃകയാക്കുന്നതിനും വേണ്ടിയാണ് ശിൽപശാല സംഘടിപ്പിച്ചിരിക്കുന്നത്. തൃശൂർ, മുളങ്കുന്നത്തുകാവിൽ കിലയുടെ ആസ്ഥാനത്തു നടക്കുന്ന ശിൽപശാലയിൽ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും ജില്ലാ കോർഡിനേറ്റർമാരും തദ്ദേശ സ്ഥാപന പ്രതിനിധികളും പങ്കെടുക്കും.

ഇരവിപേരൂർ,തണലൂർ, കോലഴി,ചെമ്പിലോട്, പള്ളിക്കര,കുമിളി, അടിമാലി എന്നീ ഗ്രാമപഞ്ചായത്തുകൾ, തിരുവല്ല, പൊന്നാനി, പുനലൂർ, പെരുമ്പാവൂർ, പെരിന്തൽമണ്ണ, സുൽത്താൻ ബത്തേരി, കാഞ്ഞങ്ങാട്, ആലപ്പുഴ, നോർത്ത് പറവൂർ, ആറ്റിങ്ങൽ, ചിറ്റൂർ, തത്തമംഗലം, തളിപ്പറമ്പ് എന്നീ മുനിസിപ്പാലിറ്റികൾ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം, കൊച്ചി,കോഴിക്കോട് എന്നീ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിവിധ മാലിന്യ സംസ്കരണ പദ്ധതികളുടെ സോദാഹരണ അവതരണവും വിശകലനവുമാണ് ശിൽപശാലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

**റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം– 695 004**
**ഫോൺ** : 0471 2449939, **ഇ–മെയിൽ** : haritham@kerala.gov.in